(ബി) പണി പൂർത്തിയായിട്ടില്ലെങ്കിൽ എന്നേക്കു പൂർത്തിയാകുമെന്നു പറയുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി ഇതിനകം എത്ര സംഖ്യ ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) കുന്നത്തൂർ പഞ്ചായത്തിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി എസ്റ്റിമേറ്റ് പരിശോധനയിൽ ഇരിക്കുകയാണ്.

അരൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

915 [1449] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പഞ്ചായത്തിൽ ആരംഭിച്ച ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കി ജലവിതരണം നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ പുരോഗതി എന്തെന്നു വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്കുവേണ്ടി എത്ര സംഖ്യ ഇതിനകം ചെലവായെന്നു പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1978 ജൂൺ മാസം മുതൽ.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 5.19 ലക്ഷം രൂപ ഇതിനകം ചെലവായി.

വൈപ്പിൻകരയിലെ ശുദ്ധജലവിതരണ പദ്ധതി

916 [1450] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി എന്നത്തേക്കു പൂർത്തിയാകുമെന്നു പറയാമോ;

(സി) എത്ര സംഖ്യയാണ് അതിനു ചെലവുവരുമെന്ന് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിനകം എത്ര സംഖ്യ ചെലവായിട്ടുണ്ടെന്നു പറയാമോ?

ഉത്തരം

(എ) വൈപ്പിൻകരയിലെ ഒരു ഭാഗമായ വൈപ്പിൻ സോണിലെ പമ്പിംഗ് മെയിനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly